IV റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 31-ാമത് റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 31-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V നിയമനിർമ്മാണ കാര്യം

(1) 1986-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി ബിൽ

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, 1986-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഈ ബില്ലിന്റെ അവതരണം ക്രമപ്രകാരമുള്ളതല്ല. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിന് പ്രാബല്യം കൊടുത്തിരിക്കുന്നത് 1984 ആഗസ്റ്റ് മാസം 6-ാം തീയതി മുതൽക്കാണ്. സർ, നമ്മുടെ ഈ ബില്ലിൽതന്നെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഒരു വാചകം എഴുതിയിട്ടുണ്ട്. "The Bill, if enacted and brought into operation, would not involve any additional expenditure from the Consolidated Fund of the State" എന്നാണ് എഴുതിയിരിക്കുന്നത്. കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും മറ്റും പെൻഷൻ പ്രായം 55 വയസ്സ് എന്നുള്ളത് 60 വയസ്സായി വർദ്ധിപ്പിക്കുകയാണ്. അപ്പോൾ 1986 ആഗസ്റ്റ് മാസം 6-ാം തീയതി ഈ നിയമം നിലവിൽ വരുമ്പോൾ തീർച്ചയായിട്ടും അഡീഷണൽ എക്സ്പെൻഡിച്ചർ ഉണ്ടാകുമെന്നുള്ളത് വളരെ വ്യക്തമാണ്. അതേ സമയം നടപടിച്ചട്ടം 73-ൽ എന്താണ് പറയുന്നത്. "A Bill involving expenditure shall be accompanied by a Financial Memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law" എന്നാണ്. ഇപ്രകാരം 55 വയസ്സിൽ റിട്ടയർ ചെയ്യേണ്ട ആളുകളെ 60 വയസ്സുവരെ സർവ്വീസിൽ തുടരാൻ അനുവദിക്കുക വഴി അധിക ചെലവുണ്ടാകുമെന്നുള്ളത് പകൽപോലെ വ്യക്തമാണ്. അത് മാത്രമല്ല ഇപ്പോൾ ഉണ്ടാകുകയില്ലെന്ന് പറയുന്നത് ശരിയല്ല. ഈ ബില്ലിന് റിട്രോസ്പെക്ടീവ് ഇഫക്ടാണ് കൊടുത്തിരിക്കുന്നത്. 1984 ആഗസ്റ്റ് മാസം 6-ാം തീയതിയാണ് ഈ ബില്ല് നിയമമാകുന്നത്. തീർച്ചയായും അതിന്റെ പേരിൽ ഒരു അഡീഷണൽ എക്സ്പെൻഡിച്ചറുണ്ട്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും എക്സ്പെൻഡിച്ചർ ഉണ്ടോ, ഇല്ലയോയെന്നുള്ളത് ചട്ടം 73-ൽ പറയുന്നില്ല. ഏത് വിധത്തിലുള്ള അഡീഷണൽ എക്സ്പെൻഡിച്ചർ ആയാലും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly